പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 922 20.03.2012-ൽ മറുപടിക്ക്

## കായിക വിദ്യാഭ്യാസത്തോടൊപ്പം യോഗ, കൗൺസലിംഗ്

ചോദ്യം

ശ്രീ. കെ.ശിവദാസൻ നായർ

ശ്രീ. വി.ഡി.സതീശൻ

ശ്രീ. ബെന്നി ബെഹനാൻ

മറുപടി

ശ്രീ.പി.കെ.അബ്ദുറബ്ബ്

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഠ്യേതര പ്രവർത്തനമായി വിദ്യാർത്ഥികൾക്ക് കായിക വിദ്യാഭ്യാസത്തോടൊപ്പം യോഗ, കൗൺസലിംഗ് എന്നിവ കൂടി ഉൾപ്പെടുത്തി വിദ്യാർത്ഥികളുടെ മനോവീര്യം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഒരു സിലബസ് നിശ്ചയിച്ച് ദിവസവും ഒരു പിരീഡ് അനുവദിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(എ) & (ബി) നിലവിലുള്ള "ആരോഗ്യവും കായിക വിദ്യാഭ്യാസവും" വിഷയത്തിന്റെ ഭാഗമായി യോഗ പരിചയപ്പെടുത്തുന്നതിനും പഠിക്കുന്നതിനും അവസരം ഒരുക്കിയിട്ടുണ്ട്. കേരളാ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഇതിനായി ഓരോ ക്ലാസ്സുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട വിവിധ കായിക പ്രവർത്തനങ്ങൾ കണ്ടെത്തി പുസ്തകരൂപത്തിൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് സ്കൂളിൽ മെച്ചപ്പെട്ട രീതിയിൽ നടപ്പാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ അധ്യാപക സഹായികൾ കരിക്കുലം കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്. കരിക്കുലം കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്ന മുറക്ക് മാത്രമേ യോഗ ഉൾപ്പെടെ ഉള്ള കായിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ ഉള്ള നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. കുട്ടികൾക്ക് കൗൺസലിംഗ് ലഭ്യമാക്കുന്നതിന് ഓരോ സ്കൂളിലും ഒരു ടീച്ചർക്കെങ്കിലും ഇതുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ